ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22.10.2024 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്നതാണ് ഇന്ത്യയുടെ നിലപാടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി റഷ്യയിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപ്പ്.

   Prime Minister Narendra Modi today reiterated India's stance that the Russia-Ukraine conflict should be resolved in a peaceful manner ; Prime Minister who arrived in Russia to attend the 16th BRICS Summit gets warm welcome.

2. നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള മേഖലകളിലെ വ്യവസായ സഹകരണം മെച്ചപ്പെടുത്താൻ ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണത്തിൽ ധാരണ.

   India-Singapore Defense Ministers' Sixth Dialogue agreed to enhance cooperation in areas including artificial intelligence.

3. മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൻറെയും, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിൻറെയും വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു; ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ മൂന്നിടങ്ങളിൽ പ്രചാരണം ഊർജ്ജിതം.

Notification for second phase of Assembly elections in Jharkhand and single phase in Maharashtra issued today; Campaigning for by election is vigorous in three places in Kerala.

4. വികസിത രാഷ്ട്രങ്ങളിൽ പോലും യാഥാർഥ്യമായിട്ടില്ലാത്ത ഡിജിറ്റൽ സംവിധാനങ്ങൾ സജ്ജമാക്കാനാണ് കേരളം ഒരുങ്ങുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Chief Minister Pinarayi Vijayan says, Kerala is preparing to set up digital systems which have not been implemented even in developed countries.

5. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡീഷ തീരത്തേക്ക് നീങ്ങുന്നു; ഒഡീഷയിൽ 14 ജില്ലകളിലെ സ്കൂളുകൾക്ക് മൂന്ന് ദിവസം അവധി.

The severe cyclonic storm 'Dana' is gaining strength in the Bay of Bengal and is heading towards Odisha coast; All schools in 14 districts in Odisha will remain close for three days.

&&&&&&&&&&&&&&&&&&

PM- RUSSIA (INTRO)

റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്നതാണ് ഇന്ത്യയുടെ നിലപാടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിഷയത്തിൽ, സാധ്യമായ എല്ലാ സഹകരണവും ഇന്ത്യ ഉറപ്പു നൽകുന്നതായും അദ്ദേഹം പറഞ്ഞു. കസാനിൽ റഷ്യൻ പ്രസിഡൻ്റ് വ്ളാഡിമിർ പുടിനുമായി ഉഭയകക്ഷി കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(വോയിസ്)

15 വർഷത്തിനുള്ളിൽ ബ്രിക്സ് ഐക്യം വലിയ മാതൃക സൃഷ്ടിച്ചുവെന്നും പല ലോക രാജ്യങ്ങളും കൂട്ടായ്മയിൽ ചേരാൻ താല്പര്യപ്പെടുന്നതായും ശ്രീ മോദി പറഞ്ഞു. അതേസമയം, കസാനിൽ കോൺസുലേറ്റ് തുറക്കാനുള്ള ഇന്ത്യയുടെ തീരുമാനത്തെ റഷ്യൻ പ്രസിഡൻ്റ് സ്വാഗതം ചെയ്തു. 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഇന്ന് റഷ്യയിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപ്പാണ് ലഭിച്ചത്. നാളെ ആരംഭിക്കുന്ന ഉച്ചകോടിയിൽ ആഗോള വികസന അജണ്ട, കാലാവസ്ഥാ വ്യതിയാനം, സാമ്പത്തിക സഹകരണം തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&

PRESIDENT

ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ജൽജീവൻ ദൗത്യത്തിലൂടെ സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. 2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജല സംരക്ഷണത്തിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നടത്തുന്ന പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു. മികച്ച സംസ്ഥാനം, ജില്ല, ഗ്രാമ പഞ്ചായത്ത്, തദ്ദേശ സ്ഥാപനം, സംഘടന എന്നിങ്ങനെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളാണ് പുരസ്കാരം ഏറ്റുവാങ്ങിയത്. മികച്ച

സംസ്ഥാനം എന്ന വിഭാഗത്തിൽ ഒഡീഷയും ഉത്തർപ്രദേശും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറയ്ക്ക് ലഭിച്ചു. ആദ്യമായാണ് കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിന് ഈ പുരസ്കാരം ലഭിക്കുന്നത്.

&&&&&&&&&&&&&&&&&&

RAJNATH- INDIA-SINGAPORE

നിർമ്മിതബുദ്ധിയുൾപ്പെടെയുള്ള മേഖലകളിലെ വ്യവസായ സഹകരണം മെച്ചപ്പെടുത്താൻ ഇന്ത്യയും സിംഗപ്പൂരും തമ്മിൽ ധാരണയായി. സൈബർ മേഖലയിലെ സുരക്ഷ വർധിപ്പിക്കുന്നതിനും പ്രതിരോധ സഹകരണം ശക്തിപ്പെടുത്താനും സംയുക്ത സൈനിക പരിശീലനം സംബന്ധിച്ച ഉഭയകക്ഷി കരാർ അടുത്ത അഞ്ച് വർഷത്തേക്ക് നീട്ടാനും തീരുമാനമായി. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണത്തിലാണ് തീരുമാനം. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം സംബന്ധിച്ച് ചർച്ച ചെയ്തതായി ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. ഏഷ്യയുടെ സമാധാനത്തിനും സ്ഥിരതയ്ക്കുമായുമുള്ള തന്ത്രപ്രധാനമായ ശബ്ദമാണ് ഇന്ത്യയെന്ന് പരിപാടിയിൽ സഹ അധ്യക്ഷത വഹിച്ച സിംഗപ്പൂർ പ്രതിരോധ മന്ത്രി എൻജി എങ് ഹെൻ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

ARMY CHIEF-INDIA CHINA

ഇന്ത്യ - ചൈന അതിർത്തിയിലെ സേനാപിന്മാറ്റം മുന്നോട്ടു കൊണ്ട് പോകുന്നതിന് ഇരുരാജ്യങ്ങളും തമ്മിലുള്ള വിശ്വാസം പുനഃസ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ പട്രോളിംഗ് ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിലുള്ള സമീപകാല കരാറിനെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം, LAC-യിലെ സാഹചര്യം പൂർവ്വസ്ഥിതിയിലാക്കുകയാണ് ഇന്ത്യയുടെ പ്രഥമ ലക്ഷ്യമെന്നും വ്യക്തമാക്കി. ഇപ്പോൾ തുടരുന്ന പട്രോളിംഗ് പ്രവർത്തനങ്ങൾ ഇരുപക്ഷത്തിനും പരസ്പരം വിശ്വാസ്യത ഉറപ്പുനൽകാൻ അവസരമൊരുക്കുമെന്നും കരസേനാ മേധാവി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

DAY JHARKHAND - NOTIFICATION

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൻറെയും, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിൻറെയും വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. മഹാരാഷ്ട്രയിലെ 288 നിയമസഭാ സീറ്റുകളിൽ നവംബർ 20 ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ഝാർഖണ്ഡിലെ 38 മണ്ഡലങ്ങളിൽ അടുത്ത മാസം 20 ന് രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കും. ഈ മാസം 29- ആണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. നവംബർ 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

BY ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി വെള്ളിയാഴ്ച അവസാനിക്കും. വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ UDF സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും മറ്റന്നാൾ പത്രിക നൽകും. വയനാട്ടിലും, നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും മുന്നണികളുടെ പ്രചാരണ പരിപാടികൾ ഊർജിതമായി തുടരുകയാണ്. അടുത്ത മാസം 13-നാണ് മൂന്നിടത്തും വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

ENTE BHOOMI

വികസിത രാഷ്ട്രങ്ങളിൽ പോലും യാഥാർഥ്യമായിട്ടില്ലാത്ത ഡിജിറ്റൽ സംവിധാനങ്ങൾ സജ്ജമാക്കാനാണ് കേരളം ഒരുങ്ങുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സമൂഹത്തിന്റെ ആവശ്യങ്ങൾ കൃത്യമായി നടപ്പാകുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ കഴിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ദൗത്യപ്രഖ്യാപനത്തിന്റെ

ഭാഗമായുള്ള എന്റെ ഭൂമി സംയോജിത പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്. ഭൂമിയുടെ കൈമാറ്റം, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂ നികുതി അടവ്, ന്യായവില നിർണയം, തരംമാറ്റം തുടങ്ങി നിരവധി സേവനങ്ങൾ പോർട്ടൽ വഴി ലഭിക്കും.

&&&&&&&&&&&&&&&&&&

KARNATAKA BUILDING

കർണാടകയിൽ, ബംഗളൂരുവിലെ ബാബുസാപല്യയിൽ നിർമാണത്തിലിരിക്കുന്ന കെട്ടിടം തകർന്ന് മൂന്ന് പേർ മരിച്ചു. 16 ഓളം തൊഴിലാളികൾ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് പ്രാഥമിക വിവരം. രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

SCINDIA BSNL NEW LOGO

ബിഎസ്എൻഎല്ലിന്റെ പുതിയ ലോഗോ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു.

4ജി സേവനം അവതരിപ്പിച്ചതിന് ശേഷം കഴിഞ്ഞ ആറ് മാസത്തിനിടെ ബിഎസ്എൻഎൽ വരിക്കാരുടെ എണ്ണം 75 ലക്ഷത്തിൽ നിന്ന് 1.8 കോടിയായി ഉയർന്നെന്ന് അദ്ദേഹം

പറഞ്ഞു. സ്വന്തമായി 4ജി ടെലികോം നെറ്റ്വർക്ക് വികസിപ്പിക്കുന്ന ലോകത്തിലെ ആറ് രാജ്യങ്ങളിലൊന്ന് ഇന്ത്യയാണെന്നും അത് ഉടൻ 5 ജിയിലേക്ക് മാറുമെന്നും അദ്ദേഹം വ്യക്തമാക്കി. ബിഎസ്എൻഎല്ലിന്റെ പുതിയ ഏഴ് സേവനങ്ങളും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

ODISHA-CYCLONIC

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' ഒഡീഷ തീരത്തേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചുഴലിക്കാറ്റ് വ്യാഴാഴ്ച രാത്രിയോടെയോ വെള്ളിയാഴ്ചയോ 120 കിലോമീറ്റർ വേഗതയിൽ കര തൊടുമെന്നാണ് പ്രവചനം. ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളെയാണ് കൂടുതലായി ബാധിക്കുക. ഒഡീഷയിൽ 14 ജില്ലകളിലെ എല്ലാ സ്കൂളുകൾക്കും നാളെ മുതൽ മൂന്ന് ദിവസത്തേക്ക് അവധി നൽകി. നേരത്തെ നിശ്ചയിച്ച എല്ലാ പരീക്ഷകളും റദ്ദാക്കി. ചുഴലിക്കാറ്റ് ബാധിക്കാൻ ഇടയുള്ള ഇടങ്ങളിൽ നിന്ന് ജനങ്ങളെ പൂർണമായി ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തീരദേശ ജില്ലകളിൽ NDRF , കര- നാവിക സേന, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. പുരി സന്ദർശിക്കാനെത്തിയ തീർഥാടകർ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് മടങ്ങിത്തുടങ്ങി.

&&&&&&&&&&&&&&&&&&

KARNATAKA – RESCUE

കനത്ത മഴയെ തുടർന്ന് ബെംഗളൂരുവിൽ വെള്ളക്കെട്ടുണ്ടായ പ്രദേശങ്ങളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി NDRF SDRF സംഘങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്ന് കർണാടക ഉപമുഖ്യമന്ത്രി ഡികെ ശിവകുമാർ. ബെംഗളൂരു നഗരത്തിൻ്റെ തെക്ക് പടിഞ്ഞാറൻ, ഭാഗങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ രൂക്ഷമായ വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്. യെലഹങ്ക ഉൾപ്പടെ നഗരത്തിലെ വെള്ളപ്പൊക്ക പ്രദേശങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആളുകളെ രക്ഷപ്പെടുത്താനും അവശ്യ സാധനങ്ങൾ ഉറപ്പു വരുത്താനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

KERALA RAIN

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്നും നാളെയും ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

AMIT SHA (INTRO)

രാജ്യത്തെ 8 കോടി വരുന്ന ക്ഷീര കർഷകരെ സഹകരണ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട്, രണ്ടാം ധവള വിപ്ലവത്തിന് ഇന്ത്യ ഒരുങ്ങുകയാണെന്ന് കേന്ദ്ര

ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ. ഗുജറാത്തിലെ ആനന്ദിൽ ദേശീയ ക്ഷീരവികസന ബോർഡിൻ്റെ വജ്രജൂബിലി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച ബ്രാൻഡിംഗിലൂടെ, കോർപ്പറേറ്റ് ഉൽപ്പന്നങ്ങളുമായി വിപണിയിൽ മത്സരിക്കാൻ സഹകരണ ഉൽപ്പന്നങ്ങൾക്ക് കഴിയുമെന്ന് ശ്രീ ഷാ പറഞ്ഞു.

(വോയിസ്)

രാജ്യത്തെ ക്ഷീര വ്യവസായത്തിന്റെ വിജയത്തിലും ക്ഷീര കർഷകരുടെ സാമ്പത്തിക ഉന്നമനത്തിലും ദേശീയ ക്ഷീരവികസന ബോർഡിൻ്റെ നിർണായക സംഭാവനകളെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&